**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4039** **16.05.2017 ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ കായിക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | ഹൈസ്കൂൾ തലം വരെയുള്ള സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിനായി തദ്ദേശവകുപ്പിന്റെ ആഭിമുഖ്യത്തിൽ പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) യും (ബി) യും | ഉണ്ട്. ഇതിന്റെ ഭാഗമായി കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് 12-ാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ചുവടെപ്പറയും പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(1) കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതും അതിലേയ്ക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതുമാണ്.<br>(2) ഗ്രാമപഞ്ചായത്തുതല സ്പോർട്സ് കൌൺസിലുകൾ സജീവമാക്കേണ്ടതും, കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലെ കണ്ടെത്തി ദീർഘവീക്ഷണത്തോടെയും |
| (ബി) | ഹൈസ്കൂൾ തലം വരെയുള്ള വിദ്യാർത്ഥികളുടെ കായികക്ഷമത ഉറപ്പുവരുത്താൻ തദ്ദേശവകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും? | | |

| | | | |
|---|---|---|---|
| | | | സംസ്ഥാന/ജില്ലാ സ്പോർട്സ് കൌൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകല്പന ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.<br>(3) ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ് / ഗെയിംസ് ഇനങ്ങളിൽ ദൈനംദിന പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.<br>(4) തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സാദ്ധ്യതയ്ക്ക് അനുസൃതമായി തിരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ സ്ഥാപനതല ടീമിനെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുക്കാൻ സഹായിക്കുകയും ചെയ്യാവുന്നതാണ്.<br>(5) കായികരംഗത്തെ പ്രവർത്തനങ്ങൾക്ക് സ്പോൺസർഷിപ്പിലൂടെ പരമാവധി വിഭവങ്ങൾ കണ്ടെത്താവുന്നതാണ്.<br>(6) ഗ്രാമതല സ്പോർട്സ് കൌൺസിൽ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.<br>(7) യുവജനക്ഷേമ മേഖലയിൽ സംസ്ഥാന യുവജനക്ഷേമ ബോർഡുമായി സഹകരിച്ചുകൊണ്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.<br>(8) സ്കൂൾ തലങ്ങളിൽ തന്നെ അത്‌ലറ്റിക്സിൽ താൽപര്യമുള്ള |

| | | | | |
|---|---|---|---|---|
| | | | | കുട്ടികളെ കണ്ടെത്തി തുടർച്ചയായ പരിശീലനങ്ങൾ നൽകി അത്‌ലറ്റിക്സിൽ പ്രാവീണ്യം നേടുന്നതിന് എസ്.എസ്.എ യുടെയും ആർ.എം.എസ്.എ യുടെയും സാദ്ധ്യതകളും സ്കൂൾ തലത്തിലെ കായിക അധ്യാപകരുടെ കഴിവുകളും ഉപയോഗിക്കേണ്ടതാണ്. സ്പോർട്സ് അക്കാദമിയുടെ സഹകരണത്തോടെ അത്‌ലറ്റിക് മത്സരങ്ങളും പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കാവുന്നതും ഇതിനായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 30,000/- രൂപ വരെ ചെലവഴിക്കാവുന്നതാണ്. പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതി ഏറ്റെടുക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**